നെടുമ്പുറം പഞ്ചായത്തിലെ എ.എൻ.സി. റോഡ്

904 [1425] ശ്രീ. ഇ.കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ നെടുമ്പുറം പഞ്ചായത്തിൽ എ.എൻ.സി. റോഡ് 1978-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയെങ്കിലും പണി ആരംഭിച്ചിട്ടില്ല എന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ കാലതാമസം വരുത്തുന്നതിന് കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഡ്ജറ്റിൽ 100 രൂപയാണ് വക കൊള്ളിച്ചിരിക്കുന്നത്. ഈ റോഡ് മരാമത്ത് വകുപ്പ് ഏറെറടുക്കാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

മുണ്ടോളി കടവിൽ പാലം പണി

905 [1426] ശ്രീ. പി.ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ നടത്തറ പഞ്ചായത്തും പുത്തൂർ പഞ്ചായത്തും കൂടി യോജിക്കുന്ന മണലിപ്പുഴയുടെ മുകളിൽ (മുണ്ടോളി കടവിൽ) പാലം പണിയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ പാലം പണിയേണ്ടത് പഞ്ചായത്തുറോഡിലാണ്. അതിനാൽ സ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ പാലം നിർമ്മിക്കുന്ന പദ്ധതിയിൻകീഴിൽ ഈ പാലം നിർമ്മിക്കുന്നതിനു ബന്ധപ്പെട്ട പഞ്ചായത്തുകൾ മുൻകൈ എടുക്കേണ്ടിയിരിക്കുന്നു.

ഫുട്ബാൾ താരങ്ങൾക്കുള്ള പ്രോൽസാഹനം

906 [1432] ശ്രീ. എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച ഫുട്ബാൾ താരങ്ങൾ ഓരോ വർഷവും നമ്മുടെ സംസ്ഥാനം വിട്ടുപോകുന്നതു തടയുവാൻ അവർക്ക് വല്ല പ്രത്യേക പ്രോത്സാഹനവും നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്താണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രഗത്ഭരായ കായിക താരങ്ങൾക്ക് കേരള സർക്കാർ സർവ്വീസിൽ നിയമനത്തിന് ചില പ്രത്യേക ആനുകൂല്യങ്ങൾ ഉണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളും പ്രഗത്ഭതാരങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly